പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1995

01.02.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ .ടി .സി ഡ്രൈവർ കണ്ടക്ടർ ഡ്യൂട്ടി വ്യവസ്ഥകൾ

ചോദ്യം

ശ്രീ.പി.കെ. അബ്ദു റബ്ബ്

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കളക്ഷൻ നോക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന സംവിധാനം കെഎസ്ആർടിസി യിൽ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഡ്യൂട്ടിയിൽ ഉപയോഗിക്കുന്ന ഫെയർ സ്റ്റേജ്, റൂട്ടുകളിൽ യാത്രക്കാരുടെ ബാഹുല്യം എന്നിവ കണക്കിലെടുക്കാതെയാണ് ഡ്യൂട്ടി എണ്ണം നിശ്ചയിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനമെന്താണെന്ന് അറിയിക്കുമോ ; | (ബി) | ഇല്ല. റണ്ണിംഗ് ടൈം അടിസ്ഥാനമാക്കിയാണ് ഡ്യൂട്ടികൾ നിശ്ചയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ വന്നതുമുതൽ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് റൂട്ടോ സമയക്രമമോ തീരുമാനിക്കു ന്നതിനുള്ള അധികാരം ഡ്യൂട്ടിക്ക് പോകുന്ന കണ്ടക്ടർക്കും ഡ്രൈവർ ക്കും നൽകിയിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | പൊതുജന സേവനം നടത്തുന്ന തിന് ഉത്തവാദിത്തപ്പെട്ട കെ എസ്ആർടിസി യ്ക്ക് ഇത്തരത്തിൽ ടാർജറ്റ് നിശ്ചയിച്ച് സർവ്വീസ് നടത്താനാകുമോ ; | (ഡി) | ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത് ജീവനക്കാർക്ക് കളക്ഷൻ ബാറ്റയും അനുബന്ധ ആനുകൂല്യ ങ്ങളും നൽകുവാനാണ്. |
| (ഇ) | ടാർജറ്റ് നിശ്ചയിച്ച് ജോലി ദിനം എണ്ണുന്ന സംവിധാനം ഈ സർ ക്കാർ വന്ന ശേഷം മറ്റ് ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ ഏർ പ്പെടുത്തിയെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ? | (ഇ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**